File No.TCPCTP/2253/2019-C3

# മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം

തിരുവനന്തപുരം

വിഷയം :- നഗര - ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം -സാങ്കേതികവിഭാഗം - കോട്ടയം ജില്ല - പാറത്തോട് ഗ്രാമപഞ്ചായത്ത് - ഇടക്കുന്നം വില്ലേജ് - **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം** - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. പാറത്തോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26/07/2019 ലെ എ 4 - 4288/2019 നമ്പർ കത്ത്.

2. കോട്ടയം ജില്ലാ ടൗൺ പ്ലാനറുടെ 20/09/2019 ലെ TCPKTM/1209/2019-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/2253/2019 -C3** തീയതി: **28/10/2019**

---

കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഇടക്കുന്നം വില്ലേജിൽ റീ സർവ്വേ നമ്പർ 254/2- ൽ ഉൾപ്പെട്ട ഉടമയുടെ പേരിലുള്ള 20000 ച.മീ. സ്ഥലത്തുനിന്നും 1485. ച.മീ സ്ഥലത്ത് വേർതിരിച്ച് സെയിൽസ് ബിൽഡിംഗ് (36.28 ച.മീ) കനോപ്പി (220.ച.മീ.) ഉൾപ്പെടെ ആകെ 256.28 ച.മീ. വിസ്തീർണ്ണത്തിൽ ESSAR -ന്റെ പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **Sr.Superior, St.Mary's Clarist Convent** - ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

## നിബന്ധനകൾ

1. കെ.പി.ബി.ആർ. 2011 ലെ ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീസർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും, സ്ഥല പരിശോധന നടത്തിയും ഉറപ്പുവരുത്തണം.
2. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
3. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തണം.
4. പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്ന് പരിശോധിച്ച് സെക്രട്ടറി ഉറപ്പാക്കണം.
5. ചട്ടം 61 (6) പ്രകാരം അഗ്നി സുരക്ഷാ സർവ്വീസ്സിൽ നിന്നുള്ള അനുമതി ആവശ്യമാണ്.

6. ചട്ടം 61 (7) പ്രകാരം എല്ലാ വിധ അഗ്നി സുരക്ഷ ആവശ്യകതകളും NBC-05 -ന് അനുസൃതമായിരിക്കണം.
7. കെ.പി.ബി.ആർ. 2011 -നും, നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
8. KPBR 2011 61(9) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
9. KPBR 2011 61(10) പ്രകാരം പെട്രോൾ ടാങ്കിന്റെയും Vent പൈപ്പിന്റെയും സ്ഥാനവും നിർമാണവും 1976 ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കേണ്ടതാണ്.
10. KPBR 2011 61 (16), 61 (17) പ്രകാരം in-situ liquid waste management treatment plant, മലിനജലത്തിന്റെ ശുദ്ധീകരണം വഴിയുള്ള പുനരുപയോഗത്തിനുമുള്ള പ്രത്യേക സംവിധാനങ്ങൾ പ്ലാനിൽ കാണിച്ചിട്ടുള്ളത് സജ്ജീകരിച്ചിട്ടുണ്ടെന്നും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **120/2019** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>




ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

**ജയശ്രീ. പി. ആർ.**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
പാറത്തോട് ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്:-</u>

1. Sr.Superior, St.Mary's Clarist Convent, Velichiyani, Parathodu.P.O., Kottayam- 686012
2. ടൗൺ പ്ലാനർ, കോട്ടയം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം